"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ്- കൊല്ലം പൂരം-2024- അധിക ധനസഹായം - അനുവദിച്ച് ഉത്തരവാകുന്നു

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.138/2025/TSM തീയതി,തിരുവനന്തപുരം, 04-03-2025

---

പരാമർശം:-
1. 04.01.2025 തീയതിയിലെ സ.ഉ(സാധാ)നം 7/2025/TSM
2. ബഹു.എം.എൽ . എ ശ്രീ എം. നൗഷാദ് (ഇരവിപുരം) സമർപ്പിച്ച 15.01.2025-ലെ കത്ത്
3. 18.12.2025 തീയതിയിലെ വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ DOT/14963/2023-M1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം നഗരത്തിലെ പ്രസിദ്ധമായ ആശ്രാമം ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലെ വിഷു ഉത്സവവുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച കൊല്ലം പൂരം 2024 നു, 3452-80-104-99-01 വിവിധ ഉത്സവങ്ങളുടെയും സാംസ്കാരിക പരിപാടികളുടെയും പരിപോഷണം എന്ന ശീർഷകത്തിൽ നിന്നും 50,000/- രൂപ ധനസഹായം അനുവദിക്കുന്നതിന് പരാമർശം(1) പ്രകാരം, വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ ഉത്സവം നടത്തുന്നതിനുള്ള ചിലവുകൾ വർദ്ധിച്ച സാഹചര്യത്തിൽ മേൽ പ്രകാരം അനുവദിച്ച തുക അപര്യാപ്തമാണെന്നും, പത്തു ലക്ഷം രൂപയെങ്കിലും സാമ്പത്തിക സഹായമായി അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹു.ഇരവിപുരം എം.എൽ.എ ശ്രീ എം. നൗഷാദ് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തെക്കൻ കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളും ആഘോഷിക്കുകയും ഏറ്റെടുക്കുകയും ചെയ്യുന്ന ഒരു മതേതര ഉത്സവമെന്ന നിലയിൽ കൊല്ലം പൂരം 2024 നു, പരാമർശം(1)

പ്രകാരം, അനുവദിച്ച 50,000/- രൂപയ്ക്കു പുറമെ **3452-80-104-98-00-34-03-PV-മാർക്കറ്റിംഗ്** എന്ന ശീർഷകത്തിൽ നിന്നും അധിക ധനസഹായമായി **₹4,00,000/- (നാല് ലക്ഷം രൂപ മാത്രം)** അനുവദിക്കുന്നതിന്, വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ് ,തുക കൈപ്പറ്റിയ തീയതി മുതൽ മൂന്ന് മാസത്തിനകം, കൊല്ലം പൂരം കമ്മിറ്റി ഭാരവാഹികൾ , വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, ആയതിന്റെ ആധികാരികത, വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, തിരുവനന്തപുരം
കൊല്ലം പൂരം കമ്മിറ്റി ഭാരവാഹികൾ (വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ് I&II), കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Archana T
Date: 05-03-2025 10:55:15

സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്